**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **18-03-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക വികസന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായം നൽകി വരുന്നു; വിശദമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ നിലവിലുണ്ട്; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 2015-16 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന ഓഹരി മൂലധന സഹായം ഉപയോഗിച്ചുകൊണ്ട് സംഘങ്ങൾ നേരിട്ട് ഏറ്റെടുക്കുന്ന വികസന പദ്ധതികൾ അഥവാ അംഗങ്ങളുടെ സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവയ്ക്ക് വായ്പാ ധനസഹായം നൽകി വരുന്നു. ഈ ഇനത്തിൽ 2015-16 മുതൽ 2020-21 വരെ 435 ലക്ഷം രൂപ ലഭിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്തി 103 സംഘങ്ങൾക്ക് വായ്പ സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം പ്രത്യേക പദ്ധതി ധനസഹായമായി ലഭിച്ച 96.92 ലക്ഷം രൂപ വിനിയോഗിച്ച് 5 സംഘങ്ങൾക്ക് കോൺക്രീറ്റ് ബ്ലോക്ക് ടൈൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ള 2 കോടി രൂപയിൽ 185 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് 37 അംഗസംഘങ്ങൾക്ക് വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ വഴി ഉല്പാദന സേവന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 5 ലക്ഷം രൂപാവരെയുള്ള വായ്പ സഹായം നൽകുന്നുണ്ട്. മേൽപ്രകാരമുള്ള ധനസഹായ ഇനത്തിൽ ഫെഡറേഷന്റെ ആകെയുള്ള 581 പട്ടികജാതി സംഘങ്ങളിൽ 128 സംഘങ്ങൾക്ക് വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചടങ്ങുകൾക്കായി അവരുടെ മാതാപിതാക്കൾക്ക് 1,25,000/- രൂപ വീതം | (ബി) | 2021-22 കാലയളവിൽ സംസ്ഥാനത്ത് വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചടങ്ങുകൾക്കായി വകുപ്പിൽ നിന്നും 1,25,000/-(ഒരു |

| | | | |
|---|---|---|---|
| | സാമ്പത്തിക സഹായം നൽകി വരുന്ന പദ്ധതി പ്രകാരം 2021-22 കാലയളവിൽ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് പ്രസ്തുത സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദമായ കണക്ക് നൽകാമോ? | | ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. എന്നാൽ ടി കാലയളവിൽ 75,000/- (എഴുപത്തി അയ്യായിരം) രൂപ നിരക്കിൽ ആകെ 9,205 കുടുംബങ്ങൾക്ക് വകുപ്പ് മുഖേന വിവാഹധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 933 | 1244 |
| 2 | കൊല്ലം | 749 | 999 |
| 3 | പത്തനംതിട്ട | 296.75 | 396 |
| 4 | ആലപ്പുഴ | 252.75 | 337 |
| 5 | കോട്ടയം | 362.25 | 483 |
| 6 | ഇടുക്കി | 361.5 | 482 |
| 7 | എറണാകുളം | 517.5 | 690 |
| 8 | തൃശ്ശൂർ | 998.25 | 1331 |
| 9 | പാലക്കാട് | 1289.25 | 1719 |
| 10 | മലപ്പുറം | 458.25 | 611 |
| 11 | കോഴിക്കോട് | 203 | 271 |
| 12 | വയനാട് | 104.25 | 139 |
| 13 | കണ്ണൂർ | 81.75 | 109 |
| 14 | കാസർഗോഡ് | 295.5 | 394 |
| | ആകെ | **6903** | **9205** |